ഗരത്തിന്റെ സാർദ്ധസപ്ത ശതാബ്ദി ആഘോഷിക്കുവാനുള്ള ശ്രമങ്ങൾ രണ്ടു് ബെർലിനുകളിലും നടക്കുന്നുണ്ടെന്നാണു പത്രവാർത്തകളിൽനിന്നു മനസ്സിലാവുന്നതു്. ഈ ആഘോഷങ്ങൾക്കിടയിൽ, ബ്രിട്ടീഷ് രാജ്ഞി അടക്കം പല പ്രമുഖ വ്യക്തികളും ബെർലിൻനഗരത്തിന്റെ രണ്ടു ഭാഗങ്ങളും സന്ദർശിക്കും. കിഴക്കെ ബെർലിനിൽ ലോകത്തിന്റെ പല ഭാഗങ്ങളിലുമുള്ള എൺപതു നഗരങ്ങളിലെ മേയർമാരുടെ ഒരു സമ്മേളനം നടക്കും. പന്ത്രണ്ടു് അന്താരാഷ്ട്രീയ സമ്മേളനങ്ങൾക്കും അവിടെ വേദി ഒരുങ്ങിവരുന്നുണ്ടു്. ഏതാനും മണിക്കൂറുകൾ മുതൽ ഏതാനും മാസങ്ങൾ വരെ നീണ്ടുനിൽക്കുന്ന എൺപത്തൊന്നു പരിപാടികൾ കിഴക്കെ ബെർലിൻ ഈ വർഷത്തിൽ സംവിധാനംചെയ്യുന്നുണ്ടത്രേ.

പടിഞ്ഞാറെ ബെർലിനിലെ ആഘോഷപരിപാടികൾ മെയ് 1–ാം തീയതി തുടങ്ങിക്കഴിഞ്ഞു. സംഗീതസദസ്സുകൾ, ചിത്ര–വാസ്തുശില്പ പ്രദർശനങ്ങൾ, ഫിലിം ഉത്സവങ്ങൾ, നാടകോത്സവങ്ങൾ, പല വിഷയങ്ങളെക്കുറിച്ചുള്ള സമ്മേളനങ്ങൾ. സാർദ്ധസപ്ത ശതാബ്ദ്യാഘോഷത്തിൽ പടിഞ്ഞാറെ ബെർലിനും താല്പര്യം കുറവല്ല.

രണ്ടു വിഭാഗങ്ങളും തമ്മിൽ സംഘർഷം കുറയ്ക്കാനും സഹകരണം വർദ്ധിപ്പിക്കാനും ഉതകുമെങ്കിൽ, ബെർലിൻ സാർദ്ധസപ്ത ശതാബ്ദ്യാഘോഷങ്ങൾ ഐതിഹാസികമായ ഒരു പ്രയോജനം നിറവേററുമെന്നതു നിസ്സംശയമാണു്.

(7 ജൂൺ, 1987)

# 13. കുർദുകൾ

സ്വന്തവും വ്യതിരിക്തവുമായ ഭാഷയും സംസ്കാരവും നിവാസപ്രദേശവും ചരിത്രവും ഉണ്ടായിരുന്നിട്ടും, തനതായ ഒരു ഭരണകൂടം സ്ഥാപിക്കാൻ ഒരിക്കലും കഴിയാതെപോയ നിർഭാഗ്യരായ ചില ജനവർഗങ്ങളുണ്ടു്. പടിഞ്ഞാറെ ഏഷ്യയിൽ തുർക്കി, സിറിയ, ഇറാക്ക്, ഈരാൻ, സോവിയററ്യൂണിയൻ എന്നീ അഞ്ചു രാജ്യങ്ങളിലായി, ഒരു കുട്ടിയുടെ വലത്തുകാലടിയുടെ ബാഹ്യരേഖയിൽ ഒതുക്കാവുന്ന ആകൃതിയിൽ കിടക്കുന്ന പർവതപ്രദേശങ്ങളിൽ പാർത്തുവരുന്ന കുർദുകൾ അത്തരമൊരു ജനവർഗമാകുന്നു. 'കുർദുകളുടെ രാജ്യം' എന്ന അർത്ഥത്തിൽ ഈ പ്രദേശത്തെ പൊതുവെ 'കുർദിസ്ഥാൻ' എന്നു വിളിക്കാറുണ്ടു്. എങ്കിലും, ഔദ്യോഗികമായി ആ പേരു് ഇപ്പോൾ നൽകപ്പെട്ടിട്ടുള്ളതു് ഈരാനിൽ കുർദുകൾ തിങ്ങിപ്പാർക്കുന്ന സംസ്ഥാനത്തിനു മാത്രമാണു്. കുന്നുകളും മലകളും നിറഞ്ഞ കുർദ് പ്രദേശത്തു് പുഴകളും ധാരാളമുണ്ടു്. ടൈഗ്രിസ് നദി വളരെദൂരം ഒഴുകുന്നതു് ഈ പ്രദേശത്തുകൂടിയാകുന്നു. അതിരുകൾ ഇനിയും നിർണയിച്ചിട്ടില്ലാത്ത കുർദ് പ്രദേശത്തു് ഉൾപ്പെട്ടതാണു് തുർക്കിയിലെ ദിയാർബകിർ, വാൻ, ബിററ്ലിസ്, ഇറാക്കിലെ സുലൈമാനിയ, ആർബിൽ, മോസൂൽ, കിർക്കുക്, ഈരാനിലെ കെർമൻഷാ, ഹമാദാൻ എന്നീ നഗരങ്ങൾ. കുർദ് പ്രദേശത്തിനു പുറത്തു് ബാഗ്ദാദ്, തെഹറാൻ, ദമാസ്കസ്, അങ്കാറ, ഇസ്താംബൂൾ മുതലായ നഗരങ്ങളിലും ധാരാളം കുർദുകൾ പാർക്കുന്നു. പടിഞ്ഞാറെ ജർമനിയിൽ മൂന്നു ലക്ഷത്തോളം കുർദുകൾ ഉണ്ടു്. ഫ്രാൻസിലും ഉണ്ടു് കുറെ കുർദുകൾ. അറുപതു ലക്ഷം മുതൽ രണ്ടു കോടിവരെ പല കണക്കുകളാണു് കുർദുകളുടെ മൊത്തം ജനസംഖ്യയെപ്പററി പറയപ്പെട്ടുവരുന്നതു്. മദ്ധ്യ പൗരസ്ത്യ

പ്രദേശത്തു് അറബികൾ, തുർക്കികൾ, ഈരാനിയർ എന്നിവർ കഴി ഞ്ഞാൽ ഏററവും വലിയ ജനവിഭാഗം കർദ്ദകൾ ആണു്.

വെളുത്ത നിറവും കറുത്ത മുടിയുമുള്ള കർദ്ദകൾ വർഗപരമായി നോക്കിയാൽ ഈരാനികൾതന്നെയാണു്. കർദ് ഭാഷയ്ക്കു് പഴയ ഈരാനിയൻ ഭാഷയോടാണു് ഗോത്രബന്ധം. ഇപ്പോൾ കർദ്ദകളിൽ അധികംപേരും സുന്നി മുസ്ളിങ്ങളാണു്. ഷിയകളും കുറെയുണ്ടു്. ഏതാനും കർദ്ദകൾ ക്രിസ്തുമതം സ്വീകരിച്ചിരിക്കുന്നു. ക്രിസ്തുമതത്തിന്റെയും ഇസ്ലാമിന്റെയും ഈരാനിലെ പഴയ ജരതുഷ്ടമതത്തിന്റെയും സമ്മിശ്രണമായ ഒരു മതത്തിൽ വിശ്വസിക്കുന്ന യസീദികളും കർദ്ദകൾ തന്നെ.

കരിങ്കടലിനും കാസ്പിയൻ കടലിനും തെക്കുള്ള മലകളിൽ, ധാന്യങ്ങളും പഴങ്ങളും അണ്ടികളും കൃഷിചെയ്തും, ആടുമാടുകളെ വളർത്തിയും, സ്വന്തം ഗോത്രാധിപന്മാർക്കു കീഴിൽ പരസ്പരം പൊരുതിയും, കർദ്ദകൾ പാർത്തുതുടങ്ങിയിട്ടു് എത്രയോ സഹസ്രാബ്ദങ്ങളായി. ക്രിസ്തുവിനു രണ്ടായിരം വർഷം മുമ്പുള്ള ചില രേഖകളിൽ യുദ്ധവീരരായ കർദ്ദകളെപ്പററി പരാമർശമുണ്ടു്. ക്രിസ്തുവർഷം പന്ത്രണ്ടാം ശതകത്തിൽ 'സിംഹഹൃദയമുള്ള റിച്ചാർഡ്'' എന്ന ബ്രിട്ടീഷ് രാജാവിന്റെ നേതൃത്വത്തിൽ പടയെടുത്തുവന്ന മൂന്നാം കുരിശുയുദ്ധക്കാരെ തോല്പിച്ച സലാദീൻ ഒരു കർദ് ആയിരുന്നു. ഈജിപ്തിലെ സുൽത്താൻ ആയിത്തീർന്ന സലാദീൻ യൂറോപ്പിൽനിന്നു വന്ന ആക്രമണകാരികളായ ക്രിസ്ത്യാനികൾക്കെതിരെ മുസ്ലിങ്ങളെ ഏകീകരിക്കുന്നതിൽ വിജയിക്കുകയുണ്ടായി.

ഒരു വ്യത്യസ്തജനത എന്ന നിലയിൽ തങ്ങൾക്കു് സ്വന്തമായ ഒരു ഭരണകൂടം ഉണ്ടാവണമെന്ന ആഗ്രഹം കർദ്ദകളിൽ വേരൂന്നിയതു് പത്തൊമ്പതാം നൂററാണ്ടിൽ മാത്രമായിരുന്നു. ക്രിസ്തുവർഷം 1880—ൽ ഒരു കർദ് ഗോത്രത്തലവനായിരുന്ന ശൈഖ് ഒബൈദുള്ള ഒട്ടോമൻ തുർക്കി സാമ്രാജ്യത്തിലടങ്ങിയ കർദ് പ്രദേശങ്ങൾ മോചിപ്പിച്ചു് ഒരു സ്വതന്ത്ര കർദ് രാഷ്ട്രം സ്ഥാപിക്കാൻ ശ്രമിച്ചു പരാജയപ്പെട്ടു. ഒന്നാം മഹായുദ്ധത്തിനുശേഷം തുർക്കിയുടെ സാമ്രാജ്യം ശിഥിലമായപ്പോൾ 'ആർമീനിയ' എന്നും, 'കർദിസ്ഥാൻ' എന്നും രണ്ടു സ്വതന്ത്രരാഷ്ട്രങ്ങൾ സ്ഥാപിക്കപ്പെടാൻ സാദ്ധ്യതയുണ്ടെന്നു തോന്നി. എന്നാൽ, കമാൽ അതാതുർക്കിന്റെ നേതൃത്വത്തിൽ തുർക്കിയിൽ വിപ്ലവം നടന്നതോടെ, കർദ്ദകളുടെ സ്വാതന്ത്ര്യപ്രതീക്ഷകൾ തകർന്നുപോയി. കർദ്ദകൾ ഒരു വ്യത്യസ്ത ജനവർഗമാണെന്നു് അംഗീകരിക്കാൻ തുർക്കികളോ, ഈരാൻകാരോ തയ്യാറായിരുന്നില്ല. ആർമീനിയയ്ക്കു് സോവിയററ് യൂണിയനു് അകത്തു് ഒരു സ്റ്റേററ് എന്ന പദവികൊണ്ടു തൃപ്തിപ്പെടേണ്ടിയും വന്നു.

സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള കർദ്ദകളുടെ പ്രസ്ഥാനം ഈരാൻ, ഇറാക്കു്, തുർക്കി എന്നീ രാജ്യങ്ങളിൽ ഇക്കഴിഞ്ഞ അര നൂററാണ്ടു കാലത്തു്, കത്തിയും അടിച്ചമർത്തപ്പെട്ടും കെട്ടും തുടർന്നുവരികയാണു്. ഇറാക്കിലെ കർദ്ദകൾ 1975—ൽ അവിടത്തെ ഗവണ്മെൻറിനെതിരായി ഒരു വർഷത്തോളം പൊരുതുകയുണ്ടായി. ഈരാൻ ഗവണ്മെൻറ് ഈ കലാപകാരികൾക്കു നൽകിയിരുന്ന സഹായം പിൻവലിച്ചതിനാലാണു് അന്നു് അവർ തോൽവിയടഞ്ഞതു്. ഈരാൻ—ഇറാക്കു്—യുദ്ധം ഈ രണ്ടു രാജ്യങ്ങളിൽ ഒന്നിന്റെയോ,രണ്ടിന്റെയുമോ തകർച്ചയിൽ അവസാനിക്കുകയാണെങ്കിൽ, ആ സന്ദർഭത്തിൽ ദേശീയ സ്വാതന്ത്ര്യത്തിനുള്ള അവകാശവാദം ഉന്നയിച്ചു് കർദ്ദകൾ ഒരിക്കൽക്കൂടി മുന്നോട്ടു വന്നുകൂടായ്കയില്ല.

മുസ്ലിങ്ങളെങ്കിലും കർദ്ദകൾ സ്ത്രീകൾക്കു വളരെയധികം സ്വാതന്ത്ര്യം

അനുവദിക്കുന്നുണ്ട്. അവർക്ക പർദ ഇല്ല. ഗോത്രാധിഷ്ഠാനത്തിൽ സംഘടിതരെങ്കിലും കർദ്ദുകൾ വിദ്യാഭ്യാസപരമായി നല്ല പുരോഗതി നേടിയിരിക്കുന്നു. നഗരനിവാസികളായ കർദ്ദുകൾ ആധുനിക—പാശ്ചാത്യ—പരിഷ്കാരവുമായി ഇണങ്ങിക്കഴിഞ്ഞിട്ടുണ്ടെങ്കിലും, മലകളിൽ പാർക്കുന്നവർ ഇന്നും പഴയ ഗോത്ര—ജീവിത സമ്പ്രദായം തുടർന്നുവരികയാണ്. തങ്ങളുടെ സമരപാരമ്പര്യത്തിലെന്നപോലെ സംസ്കാരത്തിലും കർദ്ദുകൾക്ക് അഭിമാനമുണ്ട്. സംഗീതവും നൃത്തവും അവരുടെ ഇടയിൽ വളരെ വികസിച്ചിട്ടുണ്ട്. കഥ പറയലാണ് കർദ്ദുകളുടെ മറെറാരു വിനോദം. സ്വന്തം ദേശീയ വീരന്മാരുടെ പരാക്രമങ്ങൾ വിവരിക്കുന്ന ഒട്ടധികം നാടോടിഗാനങ്ങൾ കർദ്ദുകളുടെ ഇടയിൽ പ്രചരിക്കുന്നുണ്ട്. ഗണ്യമായ വികാസം കർദ് സാഹിത്യത്തിനു് അടുത്തകാലത്തു കൈവന്നിരിക്കുന്നു. 1890—ൽ ആണ് ആദ്യത്തെ കർദ് പത്രത്തിന്റെ പ്രസിദ്ധീകരണം ആരംഭിച്ചതു്. പലതരം ആനുകാലികങ്ങൾ കർദ് ഭാഷയിൽ ഇപ്പോൾ പ്രസിദ്ധപ്പെടുത്തിവരുന്നുണ്ട്. ചരിത്രം, മതം, രാഷ്ട്രതന്ത്രം മുതലായ വിഷയങ്ങളെ സംബന്ധിച്ചും ധാരാളം പുസ്തകങ്ങൾ കർദ് ഭാഷയിലുണ്ട്. എങ്കിലും കർദ്ദുകളുടെ ഏററവുമധികം പുഷ്ടി പ്രാപിച്ച സാഹിത്യരൂപം കവിതയാകുന്നു.

പടിഞ്ഞാറെ ജർമനിയിൽ പാർക്കുന്ന കർദ്ദുകൾ തലസ്ഥാനമായ ബോൺ നഗരത്തിൽ ഒരു 'കർദിഷ് ഇൻസ്റ്റിററ്യൂട്ട്' സ്ഥാപിച്ചിട്ടുണ്ട്. കർദ്ദുകളുടെ ഭാഷ, സാഹിത്യം, സംസ്കാരം എന്നിവയുടെ പോഷണമാണ് ഈ ഇൻസ്റ്റിററ്യൂട്ടിന്റെ ലക്ഷ്യം. മൂന്നു വർഷമായി നടന്നുവരുന്ന ഈ ഇൻസ്റ്റിററ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ, കർദ് ഭാഷയിൽ ബൈബിളിന്റെ ഒരു വിവർത്തനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഗോട്ടിൻഗെൻ യൂണിവേഴ്സിററിയുമായി സഹകരിച്ച് ഇവർ ജർമൻ ഭാഷയിൽ ഒരു കർദ് വ്യാകരണവും തയ്യാറാക്കിയിരിക്കുന്നു. കർദ്ദുകൾക്കിടയിൽ പ്രസിദ്ധരായ സിനിമാനിർമാതാക്കളുണ്ട്. കർദ്ദുകളെ ജർമൻകാർക്കും ജർമൻകാരെ കർദ്ദുകൾക്കും പരിചയപ്പെടുത്തുകയാണ് ബോൺ ഇൻസ്റ്റിററ്യൂട്ടിന്റെ ഒരു ലക്ഷ്യം. ഇത്തരമൊരു കർദിഷ് ഇൻസ്റ്റിററ്യൂട്ട് പാരീസിലും പ്രവർത്തിച്ചുവരുന്നുണ്ട്.

(21 മാർച്ച്, 1987)

# 14. മിസൈലുകൾ

യുദ്ധവാസന മനുഷ്യനു് ജന്മസിദ്ധമാണ്. ശരിയായ യുദ്ധമില്ലാത്തപ്പോൾ മനുഷ്യനു് കൃത്രിമയുദ്ധമെങ്കിലും കാണണം. യുദ്ധംചെയ്യുന്നതു് ചില്ലുതൊട്ടിയിൽ അടച്ച ചെറിയ സയാമീസ് ഫൈററർ മത്സ്യങ്ങളായാലും, അങ്കക്കളത്തിൽ ഇറക്കപ്പെട്ട പൂവൻകോഴികളായാലും, ചന്തത്തെരുവിൽ നിന്നു് കുത്തുകൂടുന്ന അമ്പലക്കുററന്മാരായാലും, രസത്തോടെ നോക്കിനിൽക്കാൻ ആളുകൾ ധാരാളമുണ്ടാവും. മനുഷ്യന്റെ മിക്ക കളികളും കൃത്രിമയുദ്ധങ്ങളാണ്. ബോക്സിങ്, ഗുസ്തി, വാൾപ്പയററ് മുതലായ ഒട്ടുവളരെ കളികൾ നടക്കുന്നതാകട്ടെ കൃത്രിമയുദ്ധത്തിനും യഥാർത്ഥ യുദ്ധത്തിനും ഇടയ്ക്കുള്ള അതിർവരമ്പിന്മേലാകുന്നു.

മത്സ്യങ്ങളും പക്ഷികളും മൃഗങ്ങളും യുദ്ധംചെയ്യുന്നതു് അവയുടെ ശരീരാവയവങ്ങളെ ആയുധങ്ങളാക്കിയാണ്. അടി, ഇടി, മാന്തു്, കടി, തൊഴി——അങ്ങനെ മനുഷ്യർ തമ്മിലുള്ള യുദ്ധത്തിലും ശരീരാവയ